# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

ഇ.ബി (2) 8/2018

തിരുവനന്തപുരം, തീയതി : 03.02.2018
website : www.cooperation.kerala.gov.in
e-mail : keralarcs@gmail.com

വിഷയം : സഹകരണ വകുപ്പ് – ജീവനക്കാര്യം – സീനിയർ ക്ലർക്കുമാരെ തസ്തിക മാറ്റം വഴി ജൂനിയർ ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലേക്ക് നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

പരാമർശം :1. 24/07/1962 ലെ ജി.ഒ (എംഎസ്) 387/62/പി ഡി നമ്പർ സർക്കാർ ഉത്തരവ്.

2. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഭരണ വിഭാഗം ഡെപ്യൂട്ടി രജിസ്ട്രാറുടെ 03.02.2018 ലെ ഇ.എ(5)3099/2018 നമ്പർ അനൗദ്യോഗിക കുറിപ്പ്

പരാമർശം (1) ഉത്തരവിന് വിധേയമായി സഹകരണ വകുപ്പിൽ ജൂനിയർ ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലേക്ക് തസ്തിക മാറ്റം മുഖേന നിയമനം ലഭിക്കുന്നതിലേക്കായി യോഗ്യത നേടിയിട്ടുള്ള സീനിയർ ക്ലർക്കുമാരുടെ പേരു വിവരം പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

## ഉത്തരവ്

സഹകരണ വകുപ്പിലെ താഴെ പേരു പറയുന്ന സീനിയർ ക്ലർക്കുമാരെ 27800–59400 രൂപ ശമ്പള നിരക്കിൽ സഹകരണ സംഘം ജൂനിയർ ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലേക്ക് തസ്തിക മാറ്റം മുഖേന നിയമനം നൽകി അവരുടെ പേരിന് നേരെ കോളം നമ്പർ 4 ൽ പറഞ്ഞിരിക്കുന്ന ഉദ്യോഗസ്ഥന്റെ നിയന്ത്രണത്തിൽ നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു. ടി ഉദ്യോഗസ്ഥരെ ആഡിറ്റർമാരായി നിയമിക്കുമ്പോൾ കേരള സഹകരണ ചട്ടം 64 (എ) പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യത ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

| ക്രമ നം. | പേരും തസ്തികയും | ഇപ്പോഴത്തെ നിയന്ത്രണ ഉദ്യോഗസ്ഥൻ | തസ്തിക മാറ്റം മുഖേന ഉദ്യോഗക്കയറ്റം നൽകി നിയമിക്കപ്പെടുന്ന നിയന്ത്രണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. സുബാഷ്. കെ.എം., സീനിയർ ക്ലർക്ക് | ജോയിന്റ് രജിസ്ട്രാർ (ജനറൽ), തൃശ്ശൂർ | ജോയിന്റ് രജിസ്ട്രാർ (ജനറൽ), തൃശ്ശൂർ |
| 2 | ശ്രീമതി. സനിത. എം. സീനിയർ ക്ലർക്ക് | ജോയിന്റ് രജിസ്ട്രാർ (ജനറൽ), വയനാട് | ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), മലപ്പുറം |

ടി ഉദ്യോഗസ്ഥരെ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിപ്പിച്ചതുമായ വിവരം ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥൻ യഥാസമയം ഈ ഓഫീസിനെ അറിയിക്കേണ്ടതാണ്.

(ഒപ്പ്),
സി.എം. അജേയ്യമോഹൻ
അഡീഷണൽ രജിസ്ട്രാർ (ജനറൽ)

വ്യക്തിയ്ക്ക്: (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)

പകർപ്പ്: –

1) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
2) സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
3) ജോയിന്റ് രജിസ്ട്രാർ (ജനറൽ), തൃശ്ശൂർ, വയനാട്
4) ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), മലപ്പുറം
5) ഇ.ബി.(5)/ഇ.എ.(5) സെക്ഷനുകൾക്ക്
6) സ്റ്റോക്ക് ഫയൽ/സ്പെയർ.

// ആജ്ഞാനുസരണം //

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)